GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/07/2026

1. കുട്ടികളിൽ പോഷകസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിദ്യാലയങ്ങളിൽ കാർഷീക സംസ്കാരം വളർത്തുന്നതിനുമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ആർ.കെ.വി.വൈ.(RKVY-RAFTAAR) പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന "കനിപ്പന്തൽ - ഇനി വിദ്യാലയങ്ങളിലും" പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് രാവിലെ 10 ന് വയനാട്ടിലെ എസ്.കെ.എം.ജെ.ഹയർ സെക്കൻഡറി സ്കൂളിൽ സുൽത്താൻബത്തേരി എം.എൽ.എ ഐ.സി ബാലകൃഷ്ണൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി.സിദ്ദിഖ് ഉദ്ഘാടനം നിർവഹിക്കും. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഫലവൃക്ഷത്തോട്ടങ്ങൾ സ്ഥാപിച്ച് വിദ്യാർത്ഥികളിൽ പോഷകാഹാര ശീലങ്ങൾ വളർത്തുക, പരിസ്ഥിതി

സംരക്ഷണബോധം ശക്തിപ്പെടുത്തുക, കൃഷിയോടുള്ള താൽപര്യം വളർത്തുക എന്നിവ ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഒരു കാർഷിക പദ്ധതി എന്നതിലുപരി ക്യാമ്പസ്സുകളിൽ വ്യാപകമാകുന്ന ലഹരി ഉപയോഗം പോലെയുള്ള അനാരോഗ്യ ശീലങ്ങളിൽ നിന്നും വിദ്യാർത്ഥികളെ മുക്തരാക്കി പ്രകൃതിയോടും കൃഷിയോടും നമ്മുടെ സാംസ്കാരത്തോടും വിദ്യാർത്ഥികളെ ചേർത്ത് നിർത്തുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 2,921 തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലായി പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കും. ചടങ്ങിൽ, എം.എൽ.എമാർ ജനപ്രതിനിധികൾ, കൃഷിവകുപ്പ്-വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ, വി.എഫ്.പി.സി.കെ. പ്രതിനിധികൾ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

2. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, കേരള സ്റ്റേറ്റ് വെറ്ററിനറി കൗണസിൽ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിൽ വെച്ച് 2026 ഇന്ന് രാവിലെ 9 മണി മുതൽ **'തെരുവുനായ നിയന്ത്രണവും പേവിഷബാധ പ്രതിരോധവും കേരളത്തിൽ'** എന്ന വിഷയത്തെക്കുറിച്ച് സംസ്ഥാനതല ശിൽപശാല സംഘടിപ്പിക്കുന്നു. ഈ ശിൽപശാലയിൽ സംസ്ഥാന തൊഴിൽ,

മൃഗസംരക്ഷണ, ക്ഷീരവികസന, വനിതാ-ശിശു വികസന വകുപ്പ് മന്ത്രി അഡ്വ. ബിന്ദു കൃഷ്ണ, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.എം.ഷാജി, യുവജനക്ഷേമ കായിക, രജിസ്ട്രേഷൻ, മൃഗശാല-മ്യൂസിയം വകുപ്പ് മന്ത്രി ഒ.ജെ.ജനീഷ്, മറ്റു ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നു. തെരുവുനായ പ്രശ്നവും പേവിഷബാധയും കേരളത്തിൽ ഗുരുതരമായ പൊതുജനാരോഗ്യ വിഷയമായി മാറിയ സാഹചര്യത്തിൽ, മൃഗാരോഗ്യവും മനുഷ്യാരോഗ്യവും പരിസ്ഥിതിയും ഒരുമിച്ച് പരിഗണിക്കുന്ന "വൺ ഹെൽത്ത്" സമീപനത്തിലൂടെ മാത്രമേ ശാശ്വത പരിഹാരം സാധ്യമാകൂ. നയരൂപീകരണ വിദഗ്ധർ, തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, വെറ്ററിനറി ഡോക്ടർമാർ, പൊതുജനാരോഗ്യ വിദഗ്ധർ, നിയമ രംഗത്തെ പ്രതിനിധികൾ, മൃഗക്ഷേമ സംഘടനകൾ എന്നിവരെ ഒരേ വേദിയിൽ എത്തിക്കുകയാണ് ശിൽപശാലയുടെ ലക്ഷ്യം. തെരുവുനായ നിയന്ത്രണത്തിന്റെയും പേവിഷബാധ പ്രതിരോധത്തിന്റെയും നിലവിലെ അവസ്ഥ, പേവിഷബാധ ഉയർത്തുന്ന മനുഷ്യാരോഗ്യ-പൊതുജനാരോഗ്യ പ്രശ്നങ്ങൾ, മൃഗക്ഷേമ നിയമങ്ങളും തദ്ദേശ സ്ഥാപനങ്ങൾ നേരിടുന്ന നിയമപ്രശ്നങ്ങൾക്കുള്ള പ്രായോഗിക പരിഹാരങ്ങളും, പൊതുജന സുരക്ഷിതത്വത്തിന്റെ നിയമപരമായ

വശങ്ങൾ എന്നിവയെ കുറിച്ച് ടെക്നിക്കൽ സെഷനുകളിൽ ക്ലാസുകളും ചർച്ചകളും ഉണ്ടായിരിക്കുന്നതാണ്.

3. കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് കൃഷിഭവൻ പരിധിയിലെ കേരള സർക്കാർ കർഷക പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കളിൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ഇതുവരെ ആധാർ ഓതന്റിക്കേഷൻ പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കൾ ഈ മാസം 17 നകം ആധാർ കാർഡുമായി ചങ്ങരോത്ത് കൃഷിഭവനിൽ നേരിട്ട് എത്തി ആധാർ ഓതന്റിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം ഓതന്റിക്കേഷൻ പൂർത്തിയാക്കാത്ത പക്ഷം ജൂലൈ മാസത്തെ കർഷക പെൻഷൻ ലഭിക്കുന്നതല്ലന്നും കൃഷി ഓഫീസർ അറിയിച്ചു.

4. കോഫി ബോർഡിന്റെ കീഴിൽ കർണാടകയിലെ ചിക്കമഗളൂരു വിലുള്ള സെൻട്രൽ കോഫി റിസർച് ഇൻസ്റ്റിറ്റ്യൂട്ടിലെ 2-വർഷ ഡിപ്ലോമ ഇൻ കോഫി എസ്റ്റേറ്റ് മാനേജ്മെന്റ് പ്രവേശനത്തിന് 31 വരെ തപാലിൽ അപേക്ഷ സ്വീകരിക്കും. ആകെ 10 സീറ്റാണുള്ളത്. വിലാസം: The Director of Research, Central Coffee Research Institute, Coffee Research Station. Chikkamagaluru, Karnataka-577117. വിജ്ഞാപനവും അപേക്ഷാഫോമിന്റെ മാതൃകയും https://coffeeboard.gov.in ലെ "ന്യൂസ്" ലിങ്കിലുണ്ട്. കോഴ്സ് ഫീ 25,000 രൂപ 2 ഗഡുക്കളായി അടയ്ക്കാം.

പട്ടിക/സാമ്പത്തിക പിന്നാക്ക വിഭാഗക്കാർ 20,000 രൂപ. സാമ്പത്തിക പിന്നാക്ക വിഭാഗക്കാർക്കും പട്ടികവിഭാഗക്കാർക്കും ആദ്യവർഷം 6000 രൂപയും, രണ്ടാം വർഷം എല്ലാവർക്കും 10,000 രൂപയും പ്രതിമാസ സ്റ്റൈപൻഡ് ലഭിക്കും. സൗജന്യ താമസസൗകര്യം എല്ലാവർക്കുമുണ്ട്. കാപ്പിക്കൃഷി പ്രദേശങ്ങളിലുള്ളവർക്കു മുൻഗണന. സെലക്ഷന്റെ ഭാഗമായി പരീക്ഷയും, ഇന്റർവ്യൂവും ഉണ്ട്.

5. നെയ്യാറ്റിൻകര നഗരസഭയിലെ പെരുമ്പഴുതൂർ കൃഷിഭവന്റെ ഓഗസ്റ്റ് 17ന് കർഷക ദിന പരിപാടിയിൽ മികച്ച കർഷകരെ ആദരിക്കുന്നതിനായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. മുതിർന്ന കർഷകൻ, പച്ചക്കറി കർഷകൻ, വനിതാ കർഷക, ക്ഷീര കർഷകൻ, വിദ്യാർത്ഥി കർഷകൻ, എസ്‌സി/എസ്ടി കർഷകൻ, കർഷകത്തൊഴിലാളി, യുവകർഷകൻ, പുഷ്പകൃഷി, സമ്മിശ്ര കൃഷി, മൂല്യ വർധിത ഉല്പന്നങ്ങൾ, വാഴ കർഷകൻ തുടങ്ങിയ വിഭാഗത്തിൽ ഉൾപ്പെട്ട കർഷകർ ജൂലൈ 18 ന് ഉച്ചയ്ക്ക് ഒരു മണിക്ക് മുൻപായി പെരുമ്പഴുതൂർ കൃഷിഭവനിൽ അപേക്ഷ നൽകണം.